(സി) തിരുവല്ലം, നേമം വില്ലേജുകളെ നിലവിൽ എത്ര കോർപ്പറേഷൻ വാർഡ്, ജില്ലാ പഞ്ചായത്ത് ഡിവിഷനുകളായാണ് വിഭജിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കരട് വോട്ടർ പട്ടിക 15-6-2005-ൽ പ്രസിദ്ധപ്പെടുത്തി.

(ബി) ഇല്ല.

(സി) ബാധകമല്ല.

പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം

38 [1724] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത്, സമിതികളുടെ കാലാവധി എന്നത്തേക്കാണ് അവസാനിക്കുന്നത്; ഇത് അവസാനിക്കുന്ന മുറയ്ക്ക് പുതിയ സമിതികളെ തെരഞ്ഞെടുക്കുന്നതിന് നടപടി ആയിട്ടുണ്ടോ;

(ബി) ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക അലവൻസ് അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 2005 സെപ്റ്റംബർ മാസം, നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. 27-5-2005 മുതൽ ഇലക്ഷനുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly